**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3587** **05-08-2021 - ൽ മറുപടിയ്ക്ക്**

**ഖാദി, കൈത്തറി, ബീഡി മേഖലകൾ പുന:രുജ്ജീവിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പരമ്പരാഗത വ്യവസായങ്ങളായ ഖാദി, കൈത്തറി, ബീഡി മേഖലകൾ കോവിഡിനെത്തുടർന്ന് പ്രതിസന്ധിയിലായതിനാൽ ഇവ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; | (എ) | ഉണ്ടാകും. കോവിഡ് മഹാമാരിയെ തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി മേഖലയിൽ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിലൂടെ നെയ്ത്തു ജോലികൾ പുന:രാരംഭിക്കാൻ കഴിഞ്ഞു. കുടിശ്ശികയായിരുന്ന കൂലി നൽകുകയും വിപണനത്തിൽ വന്ന കുറവു പരിഹരിക്കുന്നതിനായി അധികം റിബേറ്റ് ദിനങ്ങൾ അനുവദിക്കുകയും ചെയ്തു. എല്ലാ നെയ്ത്തുകാർക്കും ക്ഷേമനിധി ബോർഡു വഴി ധന സഹായ വിതരണം നടത്തി. ടെക്സ്റ്റൈൽ മേഖലയുടെ പുനരുദ്ധാരണത്തിനായി 7435 ലക്ഷം രൂപയുടെ പ്രത്യേക പാക്കേജ് അനുവദിച്ച് ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ പ്രതിസന്ധി പരിഹരിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്കു പുറമെ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായും അനുവദിച്ചിരുന്നു. ബീഡി മേഖലയിലുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനും, നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി കേരളത്തിലെ ബീഡി തൊഴിലാളി സഹകരണ സംഘങ്ങളുടെ കേന്ദ്ര സംഘമായ കേരള ദിനേശ് ബീഡി സഹകരണ സംഘത്തിന് സംഘം സംസ്ഥാന സർക്കാരിലേക്ക് അടക്കുന്ന നികുതിക്ക് സമാശ്വാസമായി പ്രവർത്തന ഗ്രാന്റിനത്തിൽ ധനസഹായം നൽകി വരുന്നു. 2016-17 വർഷം 8 കോടിയും 2017-18 വർഷം 4 കോടിയും ഇപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. 2017 - 18 സാമ്പത്തിക വർഷത്തിൽ സംഘം ഒടുക്കിയ ജി.എസ്.ടി തുകയുടെ അടിസ്ഥാനത്തിൽ 5 കോടി രൂപ പ്രവർത്തന മൂലധനമായി അനുവദിക്കുവാൻ 22.07.2021 ൽ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക കോവിഡ് സൃഷ്ടിച്ച പ്രതിസന്ധി നേരിടുന്നതിന് |

| | | | |
|---|---|---|---|
| | | | സഹായകരമാകുന്നതാണ്. കോവിഡ് മൂലം പ്രതിസന്ധിയിലായ ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി ഖാദി ബോർഡ് പലവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. ഒന്നാം വ്യാപന കാഘഘട്ടത്തിൽ നിന്ന് രക്ഷപ്പെട്ടു വന്ന ഖാദി സ്ഥാപനങ്ങൾ പുനരാരംഭിക്കുന്നതിനായി 50 ലക്ഷം രൂപ കോവിഡ് സഹായമായി നൽകി. കോവിഡ് 19 ന്റെ ഒന്നാം വ്യാപന ഘട്ടത്തിൽ ഓണത്തിന് ബോർഡിന്റെ തൊഴിലാളികൾക്ക് 250 രൂപ വീതം കോവിഡ് അലവൻസും, കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 1000 രൂപ വീതം ഖാദി തൊഴിലാളികൾക്ക് ധനസഹായവും നൽകി. കൂടാതെ, കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 2000 രൂപ സഹായമായി നൽകിയിട്ടുണ്ട്. ബോർഡ് എല്ലാ ഖാദി തൊഴിലാളികൾക്കും 1000 രൂപ വീതം ധനസഹായവും നൽകി. കോവിഡ് വ്യാപന സമയത്ത് വിൽപ്പന നടക്കാതിരുന്നതു കൊണ്ട് ലഭ്യമായ ഖാദി തുണികൾ ഉപയോഗിച്ച് സർക്കാരിനും മറ്റു സ്ഥാപനങ്ങൾക്കും കുറഞ്ഞ വിലയിൽ മാസ്കുകൾ തയ്ച്ചു നൽകി. അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും നിലവിലെ തൊഴിലാളികൾക്ക് മുടക്കം കൂടാതെ കൂലി നൽകുന്നതിനും സാധിച്ചു. |
| (ബി) | സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് നൂൽ ഉൾപ്പെടെയുള്ളവ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുമോ? | (ബി) | ഉണ്ടാകും. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നെയ്ത്തുകാർക്കും സംഘങ്ങൾക്കും നാഷണൽ ഹാൻഡ്‌ലൂം വികസന കോർപ്പറേഷൻ മുഖാന്തിരം നൂൽ വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ